# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 158 30/11/2015-ൽ മറുപടിയ്ക്ക്

## സാഫല്യം ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |

എ) കേരള ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് ആകെ വിനിയോഗിച്ചത് എത്ര രൂപയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം വിഭാവനം ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ;

എ) ചാത്തന്നൂർ സാഫല്യം ഭവന പദ്ധതിയിൽ 48 ഫ്ളാറ്റുകളുടെ നിർമ്മാണത്തിനായി ആകെ 1,68,19,295/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 48 ഫ്ളാറ്റുകളുടെ നിർമ്മാണവും വാട്ടർ സപ്ലൈയും, സാനിട്ടറി, ഇന്റേണൽ ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് വിഭാവനം ചെയ്തിരുന്നത്.

ബി) മേൽ പദ്ധതി പൂർത്തീകരിച്ചുവോ; എങ്കിൽ എത്ര ഗുണഭോക്താ-ക്കൾക്ക് താമസസൗകര്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ; ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് എന്നത്തേയ്ക്ക് താമസസൗകര്യം നൽകുമെന്ന് അറിയിക്കുമോ;

ബി) ടി പദ്ധതി പൂർത്തികരിച്ചു. 48 ഗുണഭോക്താക്കൾക്ക് ആണ് താമസസൗകര്യം ഉള്ളത്. ടി ഫ്ളാറ്റ് ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| സി | പ്രസ്തുത ഫ്ലാറ്റിലെ താമസക്കാർക്ക് കുടിവെള്ളം, ശൗചാലയം, വൈദ്യുതി, ഖരമാലിന്യ സംസ്കരണം എന്നീ പ്രാഥമിക ആവശ്യങ്ങൾ ലഭ്യമാക്കുവാൻ നാളിതുവരെ ചെയ്ത നടപടികൾ എന്തൊക്കെയാണ് ; | സി യും | ടി പദ്ധതിയിലെ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ജോലികളും ചെയ്തിട്ടുണ്ട്. ഓരോ ഫ്ളാറ്റിലും ശൗചാലയം ഉൾപ്പെടെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. |
| ഡി | പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്നതിലേയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് എന്താണെന്നും , അവ എങ്ങനെ പരിഹരിക്കുമെന്നും അറിയിക്കുമോ? | ഡി യും | ടി പദ്ധതിയുടെ ഭൂവികസന ചെലവുകളും, അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ശുദ്ധജല വിതരണ സംവിധാനം, ഊർജ്ജ വിതരണ സംവിധാനം, മാലിന്യ സംസ്കരണം മുതലായവയുടെ ചെലവുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം/പഞ്ചായത്ത്/ കാരുണ്യവാന്മാരായ വ്യക്തികൾ ആണ് വഹിക്കേണ്ടത്. ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ